"ഭരണഭാഷ - മാതൃഭാഷ"

നമ്പർ. WCD-C1-23967/17(2)

വനിതാ ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 25.07.2018
ഇ മെയിൽ : swdicds@gmail.com
ഫോൺ നം: 0471- 2346534.

വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
(പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി,
വയനാട്, മലപ്പുറം ജില്ലകൾ ഒഴികെ)

സർ,

വിഷയം: വനിതാ ശിശു വികസന വകുപ്പ് - ഐസിഡിഎസ് പരിശീലന പരിപാടി - അങ്കണവാടി/ മിഡിൽ ലെവൽ പരിശീലന കേന്ദ്രങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന: 27.06.2018 ലെ സ.ഉ.(സാധാ)നം. 386/18/സാ.നീ.വ. നമ്പരായുള്ള സർക്കാർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നിർത്തിവെച്ചിട്ടുള്ള അങ്കണവാടി/ മിഡിൽ ലെവൽ പരിശീലന കേന്ദ്രങ്ങൾ പരിശോധിച്ച് തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടി കൈക്കൊള്ളാൻ സൂചിത ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ താങ്കളുടെ ജില്ലയിലെ അങ്കണവാടി/ മിഡിൽ ലെവൽ പരിശീലന കേന്ദ്രങ്ങൾ പരിശോധിച്ച് പരിശീലന പരിപാടി നടത്തുവാൻ ഉള്ള സൗകര്യങ്ങൾ/ സാഹചര്യം നിലവിലുണ്ടോ എന്ന് കൃത്യമായി വിലയിരുത്തി തുടർ അനുമതി നൽകാമോ എന്ന വ്യക്തമായ ശുപാർശ സഹിതം 31.07.2018 നകം ഈ ഓഫീസിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

വനിതാ ശിശുവികസന ഡയറക്ടർക്കുവേണ്ടി